സംസ്ഥാനത്തുള്ള ഓപ്പൺ സ്കൂളുകൾ

24 (2004) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓപ്പൺ സ്കൂളുകൾ ഉണ്ട് ;

(ബി) ഓപ്പൺ സ്കൂളിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) ഇതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം ;

(ഡി) ഇത് ആരുടെ ആഭിമുഖ്യത്തിലാണ് നടത്തുന്നത് ;

(ഇ) ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെന്ന് പറയുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ ഒരു ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നു.

(ബി&സി) ഓപ്പൺ സ്കൂളിൽ അഡ്മിഷന് ഉയർന്ന പ്രായപരിധിയില്ല. പഠിതാവിന് പഠന സഹായികളുടെ സഹായത്തോടെ സ്വയം പഠിക്കാൻ സാധിക്കുന്നു. പഠന സഹായികളിൽ ഉണ്ടാകുന്ന സംശയങ്ങൾ കോൺടാക്ട് ക്ലാസുകളിൽ കൂടി ദൂരീകരിക്കുവാൻ സാധിക്കുന്നു. യഥാസമയം അസൈൻമെന്റുകൾ നല്കുകയും അത് പരിശോധിച്ച് തിരിച്ച് നൽകുകയും ചെയ്യുവാൻ സംവിധാനമുണ്ട്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ഏത് ഗ്രൂപ്പും ഏത് സമയത്തും എടുത്ത് പഠിച്ച് തികച്ചും അനൗപചാരികമായ രീതിയിൽ വിദ്യാഭ്യാസം നേടുവാൻ സാധിക്കും. എസ്.എസ്.എൽ.സി.ക്ക് 210 മാർക്ക് കിട്ടിയ കുട്ടികൾക്കുപോലും മേൽ പറഞ്ഞ അവസരം ലഭ്യമാകുന്നു. "ലേൺ വൈൽ യു യേൺ" എന്ന തത്വം പ്രായോഗികം ആക്കാനും സാമൂഹിക-സാംസ്കാരിക-സാമ്പത്തിക ചുറ്റുപാടുകളിൽ ഉയർന്ന വിദ്യാഭ്യാസം നേടാൻ സാധിക്കാത്ത വീട്ടമ്മമാർക്കും പഠിച്ച് ജോലി സമ്പാദിക്കുവാനും അവസരം ലഭിക്കുന്നു. ഉയർന്ന പ്രായപരിധി ഇല്ലാത്തതുകൊണ്ട് ഏത് പ്രായത്തിലുള്ള പഠിതാവിനും ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇടയ്ക്കുവെച്ച് പഠനം അവസാനിപ്പിക്കേണ്ടിവന്നവർക്കും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും തുടർവിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുന്നു.

(ഡി&ഇ) എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) തുടർവിദ്യാഭ്യാസത്തിന് പ്രായപരിധിയില്ലാതെ അവസരം നല്കുക.

(2) തൊഴിൽ സാധ്യതകളുള്ള വൊക്കേഷണൽ കോഴ്സുകൾ 10-ാം തരത്തിലും ഹയർ സെക്കന്ററി തലത്തിലും ആരംഭിക്കുക.

LIBRARY ARCHIVES Kerala Legislative Assembly